# മെത്രാപ്പോലീത്തായുടെ കത്ത്

(നവംബർ 2014)



**കർത്താവിൽ പ്രിയരേ,**

നിർണ്ണായകമായ രാഷ്ട്രീയ സംഭവവികാസങ്ങളിൽ ചില മുന്നേറ്റങ്ങളുടെയും ചില പിൻമാറ്റങ്ങളുടെയും വേലിയേറ്റവും വേലിയിറക്കവും ദൃശ്യമായ ഒരു മാസമാണ് നാം പിന്നിടുന്നത്. ഹരിയാനയിലെയും മഹാരാഷ്ട്രയിലെയും നിയമസഭാ തെരഞ്ഞെടുപ്പുകൾ രാഷ്ട്രത്തിന്റെ ആകമാനമുള്ള ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ജനാധിപത്യ രാഷ്ട്രമായ ഭാരതത്തിലെ ഓരോ തെരഞ്ഞെടുപ്പും രാഷ്ട്രീയശക്തി പരീക്ഷണങ്ങളുടെ ഒരു പരീക്ഷണശാലയായിരിക്കുമ്പോൾ തന്നെയും നമ്മുടെ രാഷ്ട്രത്തിന്റെ ജനാധിപത്യശൈലിയുടെ മഹത്ത്വത്തെയാണ് പ്രഖ്യാപിക്കുന്നത്. സമീപകാലത്തു നടന്ന എല്ലാ തെരഞ്ഞെടുപ്പുകളും കൂട്ടുകക്ഷി ഭരണത്തിന്റെ അസ്ഥിരതയ്ക്കും അഴിമതിക്കും എതിരായിട്ടുള്ള ജനമനസ്സിന്റെ പ്രതിഫലനമായിട്ടു കാണാവുന്നതാണ്. സങ്കുചിതവും, നിഗൂഢവുമായ സ്വാർത്ഥലക്ഷ്യങ്ങൾക്കായുള്ള അവസരവാദപരമായ ചങ്ങാത്തങ്ങൾ രൂപപ്പെടുത്താനുള്ള പലരുടെയും ശ്രമങ്ങൾ ഇന്നും ദൃശ്യമായിക്കൊണ്ടിരിക്കുകയാണ്. ഇത്തരം പ്രവണതകളെ നിരുത്സാഹപ്പെടുത്തുവാൻ പ്രമുഖ രാഷ്ട്രീയകക്ഷികൾ ശ്രമിച്ചില്ലായെങ്കിൽ രാഷ്ട്രീയം വെറും കൂട്ടുകച്ചവടമായി തീർന്നുവെന്നു വന്നേക്കാം. ഏതു ഉന്നതപദവിയിലിരിക്കുന്നവരായാലും നിയമത്തിന്റെ മുമ്പിൽ എല്ലാവരും തുല്യരാണെന്ന തത്വം ഉറപ്പിച്ചു പ്രഖ്യാപിക്കുന്ന കോടതികൾ ജുഡീഷ്യറിക്കു അഭിമാനവും ജനാധിപത്യ രാഷ്ട്രത്തിന്റെ കരുത്തുമാണ്. എത്ര ഉന്നതരായാലും തെറ്റു ചെയ്താൽ ശിക്ഷിക്കപ്പെടും എന്ന ബോധ്യം എല്ലാവരിലും ഉളവാകത്തക്കവണ്ണമുള്ള കോടതിയുടെ നിലപാടുകൾ അധികാരത്തിന്റെ പിൻബലം കൊണ്ട് അഴിമതിയെ മൂടിവെയ്ക്കാമെന്നു വിചാരിക്കുന്ന എല്ലാവർക്കുമുള്ള ശക്തമായ താക്കീതാണ്-നീതിബോധത്തിന്റെ നിലപാടുകളെ അംഗീകരിക്കാതെ പ്രതിഷേധസ്വരം ഉയർത്തുന്നത് രാഷ്ട്രനന്മയ്ക്ക് ഒരിക്കലും അഭികാമ്യമാകുകയില്ല.

മഹാത്മജിയുടെ ജന്മദിനത്തോടനുബന്ധിച്ച് ഒരു ശുചിത്വഭാരതം രൂപപ്പെടുത്താനുള്ള പദ്ധതികളും പരിപാടികളും രാജ്യമെമ്പാടും ആരംഭിച്ചത് ആദരണീയവും അനുകരണീയവുമാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജനം പുറമെ മാത്രം നടക്കേണ്ട ഒരു കാര്യമല്ല, മനസ്സിന്റെ ശുചീകരണവും ഏറെ അത്യന്താപേക്ഷിതമാണ്. മഹാത്മജി വിദ്യാഭ്യാസത്തിന്റെ തന്നെ പരമപ്രധാന ലക്ഷ്യമായി കണ്ടിരുന്നത് സ്വഭാവ രൂപീകരണമായിരുന്നു എന്ന കാര്യം നാം മറക്കരുത്. നമ്മുടെ പരിസരത്തെ മാലിന്യങ്ങൾ തുടച്ചുനീക്കാൻ ശ്രമിക്കുന്നതോടൊപ്പം രാഷ്ട്രീയത്തിലെ മാലിന്യങ്ങളും തുടച്ചുനീക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ശ്രദ്ധ പതിപ്പിച്ചിരുന്നുവെങ്കിൽ ജനാധിപത്യ ഭാരതത്തിന്റെ മുഖവും അകവും ഏറെ സുന്ദരമാകുമായിരുന്നു. ഇങ്ങനെ മാത്രമേ മഹാത്മജിയുടെ സ്വപ്നഭാരതം കെട്ടുപണി ചെയ്യുവാൻ നമുക്കു സാധ്യമാകുകയുള്ളു.

ആഫ്രിക്കയിൽ നിന്നും ലോകത്തിന്റെ പലയിടങ്ങളിലേക്കു പടർന്നുകൊണ്ടിരിക്കുന്ന എബോള വൈറസ് ഒരു വലിയ ഭീഷണിയായിട്ടാണ് വന്നു ഭവിച്ചിരിക്കുന്നത്. ഏഴു രാജ്യങ്ങളിലായി അയ്യായിരത്തോളം ജീവിതങ്ങൾ എബോള വൈറസ് മൂലം പൊലിഞ്ഞുപോവുകയുണ്ടായി. ലോകജനതയുടെ ആരോഗ്യസ്ഥിതിയെയും, ലോകത്തിന്റെ സമ്പദ്ഘടനയെത്തന്നെയും പിടിച്ചുകുലുക്കുന്ന ഒരു അഗ്നിപരീക്ഷയായി ഈ വൈറസിന്റെ ഭീഷണി മാറുമോ എന്ന ആശങ്കയിലാണ് ലോകം ഇന്ന് ആയിരിക്കുന്നത്. ഇതിനൊരു പ്രതിരോധമരുന്ന് കണ്ടുപിടിക്കാനുള്ള തീവ്രമായ പരിശ്രമങ്ങളിൽ ലോകരാഷ്ട്രങ്ങൾ ഇന്നു ആയിരിക്കുന്നു. പ്രയോജനകരമായ മരുന്ന് കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ എത്രയും പെട്ടെന്നു ഫലം കാണുന്നതിനായി നമുക്കു പ്രാർത്ഥിക്കാം, പ്രത്യാശിക്കാം. ദൈവം മനുഷ്യനു നൽകിയിരിക്കുന്ന ജ്ഞാനം ലോകനന്മയ്ക്കായി ഉപയോഗിക്കാനുള്ള കൃപ ലഭിക്കേണ്ടതിനായും പ്രാർത്ഥിക്കാം.

കുട്ടികളുടെ അവകാശങ്ങൾ പലയിടങ്ങളിലും ധ്വംസിക്കപ്പെടുന്ന സാഹചര്യങ്ങൾ ഇന്ന് നിലവിലുണ്ട് എന്നതൊരു വസ്തുതയാണ്. ഒരർത്ഥത്തിൽ ബാലവേല ബാലപീഡനം തന്നെയാണ്. ബാലവേലയ്ക്കെതിരായുള്ള പോരാട്ടത്തിനു ഇന്ത്യാക്കാരനായ കൈലാഷ് സത്യാർത്ഥിക്കും പെൺകുട്ടികളുടെ വിദ്യാഭ്യാസാവകാശത്തിനുവേണ്ടിയുള്ള പോരാട്ടത്തിനു പാക്കിസ്ഥാൻ യുവതിയായ മലാല യൂസഫ് സായിക്കും ലഭിച്ച മഹത്തായ അംഗീകാരമായ സമാധാനത്തിനുള്ള നോബൽ സമ്മാനം അവരുടെ പോരാട്ടങ്ങൾക്ക് ഏറെ വീര്യം പകരും എന്നത് പ്രതീക്ഷാനിർഭരമായ വസ്തുതയത്രെ. പ്രതിസന്ധികളിൽ തളരാതെ നിന്നു പോരാടുന്ന ഈ രണ്ടു പേരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

മദ്യവിമുക്തകേരളം സൃഷ്ടിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയും നിശ്ചയദാർഢ്യവും സമസ്തമേഖലകളിലും, പ്രത്യേകിച്ചും കുടുംബങ്ങളിൽ സമാധാനത്തിന്റെ ഒരു അന്തരീക്ഷം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. മദ്യപിച്ച് മദോന്മത്തനായി രാത്രിയിൽ വീട്ടിലേക്കു കയറിവരുന്ന പിതാവ് കുഞ്ഞുങ്ങൾക്കു നൽകാനായി കൊണ്ടുവരുന്ന മധുരപലഹാരങ്ങൾപോലും കൊടും കയ്പായിട്ടായിരിക്കും കുട്ടികൾ രുചിച്ചറിയുന്നത്. കൈയ്യിൽ മധുരപലഹാരങ്ങൾ ഇല്ലെങ്കിൽ പോലും സുബോധത്തോടെ വീട്ടിലേക്കു വന്നുചേരുന്ന പിതാവിനെ കുട്ടികൾ ഒരു അനുഗ്രഹമായി തിരിച്ചറിയുകതന്നെ ചെയ്യും. മദ്യശാലകളായി മാറുന്ന ഭവനങ്ങൾ നരകത്തിന്റെ ഔട്ട്ലെറ്റുകളാണ്. മദ്യശാലകളായി മാറുന്ന ഭവനങ്ങളിൽ വെന്തുരുകുന്ന ജീവിതങ്ങളെക്കുറിച്ച് അല്പമെങ്കിലും ബോധമുള്ള ആരും മദ്യവ്യാപാരത്തെ പരിപോഷിപ്പിക്കുവാൻ വേണ്ടി ജല്പനങ്ങൾ ഉരുവിടുകയില്ല. മദ്യനിരോധനനയം നടപ്പിലാക്കുവാൻ ശ്രമം ആരംഭിച്ചതോടുകൂടിത്തന്നെ റോഡപകടങ്ങളുടെ എണ്ണത്തിലും കുറവു വന്നിട്ടുണ്ട് എന്ന

സത്യം കണ്ടില്ലെന്നു നടിക്കരുത്. വ്യാജമദ്യത്തിന്റെ പ്രത്യക്ഷതകൾ സംഭവിക്കാതിരിക്കത്തക്കവണ്ണം ഗവണ്മെന്റ് അക്കാര്യത്തിലും ശ്രദ്ധ പതിപ്പിക്കുന്നു എന്നതു ശ്ലാഘനീയമാണ്. മദ്യനിരോധന കർമ്മപദ്ധതിയുടെ പിതൃത്വത്തെക്കുറിച്ചുള്ള അനാവശ്യമായ വാഗ്വാദങ്ങൾ ഒഴിവാക്കി കക്ഷി രാഷ്ട്രീയ ഭേദമെന്യേ എല്ലാവരും മദ്യലഹരിയിൽ നിന്നും നമ്മുടെ നാടിനെ മുക്തമാക്കുവാനുള്ള യത്നത്തിൽ അണിചേരേണ്ട ഒരു സന്ദർഭമാണിത് എന്നു ഓർമ്മിപ്പിക്കട്ടെ.

ഇറാഖിന്റെയും, സിറിയയുടെയും ഉത്തരമേഖലകളിൽ രൂപംകൊള്ളുന്നതായ മതതീവ്രത മതസൗഹാർദ്ദത്തിനും മാനവമൈത്രിക്കും ഭീഷണിയായിക്കൊണ്ടിരിക്കുകയാണ്. ദൈവം മനുഷ്യനു കൊടുത്തതായ സ്വാതന്ത്ര്യം പരിധിയില്ലാത്തതാണ്. എന്നാൽ ദൈവസ്നേഹത്തെ നിഷേധിക്കുന്നവർ ദൈവത്തെ തന്നെയാണ് നിഷേധിക്കുന്നത്. "പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നുവരുന്നു. സ്നേഹിക്കുന്നവരെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ" (1 യോഹ. 4:7, 8). രാഷ്ട്രനേതാക്കൾക്ക് ഇക്കാര്യത്തിൽ സുബോധം ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുന്നു. മഹാ ജ്ഞാനിയും യിസ്രായേലിന്റെ രാജാവുമായിരുന്ന ശലോമോന്റെ പ്രാർത്ഥന അനുകരണീയമായ ഒരു മാതൃക കൂടിയാണ്. "ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിന് ന്യായപാലനം ചെയ്‌വാൻ വിവേകമുള്ളോരു ഹൃദയം എനിക്കു തരേണമേ, അതുകൂടാതെ നിന്റെ ഈ വലിയ ജനത്തിനു ന്യായപാലനം ചെയ്‌വാൻ ആർക്കു കഴിയും" (1 രാജാ. 3:9). ദൈവകൃപ അനുഭവിക്കുന്നവരിലൂടെയും ദൈവസ്നേഹം രുചിച്ചറിയുന്നവരിലൂടെയും മാത്രമേ ലോകസമാധാനവും, വിശ്വസാഹോദര്യവും ഒരു യാഥാർത്ഥ്യമായിത്തീരുകയുള്ളൂ എന്നതു ഒരു ആത്മീയസത്യം മാത്രമല്ല, ഒരു ചരിത്രപാഠം കൂടിയാണ്.

സഭയുടെ ഔദ്യോഗിക ചുമതലാ സ്ഥാനങ്ങളിലും ഭദ്രാസനങ്ങളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും കൗൺസിലുകളിലും കമ്മിറ്റികളിലും 2014-17 വർഷത്തേക്കുള്ള ചുമതലക്കാർ ചുമതലകൾ ഏറ്റെടുത്തു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും കൂട്ടായ പ്രവർത്തനവും സഭയ്ക്ക് ഏറെ അനുഗ്രഹപ്രദമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഭദ്രാസനങ്ങളും, ഇടവകകളും സഹായ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഏതെങ്കിലും ഒരു മേഖലയിൽ മാത്രമായി കേന്ദ്രീകരിക്കപ്പെട്ടുപോകാതെ, സമൂഹത്തിൽ വ്യത്യസ്ത ആവശ്യങ്ങളിലിരിക്കുന്നവരുടെ ആവശ്യങ്ങളേക്കൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ വിവേകപൂർവ്വമായ ഒരു സമീപനം രൂപപ്പെടേണ്ടതായിട്ടുണ്ട്. നമ്മുടെ സഭയുടെ ഔദ്യോഗിക നാവാണ് മലങ്കര സഭാതാരക. എന്നാൽ ചിലർ താരക വരുത്തുന്നതുതന്നെ സഹായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ വേണ്ടിയാണ്. ദിശാബോധം നൽകുന്നതും, വായിച്ചു മനസ്സിലാക്കേണ്ടതുമായ അനേകം കാര്യങ്ങൾ താരകയിലുണ്ട്. മലങ്കര സഭാതാരക ഈ രീതിയിൽ പ്രയോജനപ്പെടുത്തേണ്ടതത്രെ.

ഷാർജയിൽ വെച്ചു നടന്ന ഗൾഫ് യുവജനസമ്മേളനം അനുഗ്രഹകരമായ രീതിയിൽ നടത്തിയ ഇടവകയെ അഭിനന്ദിക്കുന്നു. ദൂതുകളും സന്ദേശങ്ങളും കാലഘട്ടത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിപ്പാൻ തക്കവണ്ണം യുവജനങ്ങളെ സജ്ജമാക്കുവാൻ ശക്തമായ പ്രേരണ നൽകുന്നതായിരുന്നു. ഫലകരമായ രീതിയിൽ സമ്മേളനം സംഘടിപ്പിച്ച സംഘാടകരെ പ്രത്യേകം അഭിനന്ദിക്കുന്നു.

പൂലാത്തീൻ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സ്ട്രക്ചർ കൺസ്ട്രക്ഷൻ പൂർത്തീകരിച്ചു. ഭിത്തി നിർമ്മാണവും മുറികൾക്കുള്ളിലെ സംവിധാനങ്ങൾക്കു വേണ്ടിയുള്ള പണികളും ആരംഭിച്ചുകഴിഞ്ഞു. ചെലവുകൾ ഏറ്റവും കൂടുതലായി വരുന്ന ഒരു ഘട്ടമാണിത്. ഈ ആവശ്യത്തിലേക്കായി 2014 ഡിസംബർ 31 നു മുമ്പ് ഭദ്രാസനങ്ങളും, ഇടവകകളും തങ്ങളുടെ സംഭാവനകൾ സഭാ സെക്രട്ടറിയുടെ പേരിൽ അയച്ചു കൊടുക്കേണ്ടതാണ്. ഇത്രത്തോളം വീഴ്ചകൂടാതെ Certified bills കൊടുക്കാൻ പണം ലഭ്യമായി എന്നത് സന്തോഷകരമത്രെ. എന്നാൽ പൂലാത്തീൻ നിർമ്മാണത്തിനു ആവശ്യമായ തുക ലഭിച്ചുകഴിഞ്ഞു എന്ന മട്ടിൽ ചിലർ നടത്തുന്ന തെറ്റിദ്ധാരണാജനകമായ വാർത്തകൾ വാസ്തവവിരുദ്ധമാണ് എന്നു ഓർമ്മിപ്പിക്കട്ടെ. 2015 മാർച്ച് 31 നു മുമ്പ് പണി പൂർത്തീകരിക്കത്തക്കവണ്ണമുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഏവരുടെയും സഹകരണവും പ്രാർത്ഥനയും ക്ഷണിക്കുന്നു.

തിരുവനന്തപുരം വട്ടപ്പാറയിൽ, വ്യത്യസ്ത കഴിവുകളുള്ള കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കുവേണ്ടി മാർത്തോമ്മാ സഭ, സി.എസ്.ഐ. സഭ, മലങ്കര കത്തോലിക്കാ സഭ, റോമൻ കത്തോലിക്കാ സഭ എന്നീ സഭകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എക്യുമെനിക്കൽ സെന്ററിന്റെ സെക്രട്ടറിയായും തിരുവനന്തപുരം ലോകസഭ നിയോജകമണ്ഡലത്തിന്റെ എം.പി.യായി മൂന്നു തവണ സേവനം അനുഷ്ഠിക്കുകയും ചെയ്ത ശ്രീ. എ. ചാൾസിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുന്നു.

നവംബർ 2 ഞായർ ലോകസൺഡേസ്കൂൾ ദിനമാണ്. ഭവനങ്ങളിൽ ദൈവം ഏൽപ്പിച്ചിരിക്കുന്ന ഉപനിധികളാണ് കുഞ്ഞുങ്ങൾ. ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ ബാലനായ യേശു ജ്ഞാനം നിറഞ്ഞും ആത്മാവിൽ ബലപ്പെട്ടും വളർന്നുവന്നതുപോലെ നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരണം. വിശ്വാസാചാരങ്ങളുടെ അഭ്യസനവും പരിശീലനവും ഭവനങ്ങളിലാണ് ആരംഭിക്കേണ്ടത്. സഭയുടെ വിവിധ മുഖാന്തരങ്ങളുമായി കുഞ്ഞുങ്ങളെ ബന്ധപ്പെടുത്തണം. ഭവനവും സഭയും ഇക്കാര്യത്തിൽ ജാഗ്രതയോടുകൂടി കരംകോർത്തു നിൽക്കണം. ഭവനം തന്നെ ഒരു ദൈവാലയമായി കുഞ്ഞുങ്ങൾക്കു അനുഭവപ്പെടണം. ഭവനങ്ങൾ മദ്യശാലകളായും പോർക്കളങ്ങളായും മാറുമ്പോൾ കുഞ്ഞുങ്ങളുടെ മനസുകൾക്ക് ഏൽക്കുന്ന മുറിവുകളുടെ ആഴം വളരെ വലുതായിരിക്കും. ഇന്നത്തെ കുഞ്ഞുങ്ങൾ ഭാവിയുടെ വാഗ്ദാനങ്ങളാണ്. അസ്വസ്ഥ ബാല്യങ്ങളാണ് പിന്നീട് അസ്വസ്ഥഭാവിയെയും അക്രമാസക്ത സമൂഹത്തെയും സൃഷ്ടിക്കുന്നത് എന്ന കാര്യം മറക്കരുത്. ഇന്ന് സമൂഹത്തിൽ കാണുന്ന പല ദുഷ്പ്രവണതകൾക്കും അഴിമതിക്കും അക്രമത്തിനും പ്രധാന കാരണം മാതൃകാപരമല്ലാത്ത ജീവിതം നയിക്കുന്ന മാതാപിതാക്കളാണ് എന്ന കാര്യത്തിൽ തർക്കമില്ല. അടുത്തസമയത്ത് ഒരാൾ ദൈവത്തിലും, മാർത്തോമ്മാ സഭയുടെ വിശ്വാസാചാരങ്ങളിലും തനിക്കു വിശ്വാസമില്ലാത്തതുകൊണ്ട് താൻ സഭാംഗത്വം രാജിവെക്കുന്നുവെന്നും, അദ്ദേഹത്തിന്റെ ഭാര്യയുടെയും, മക്കളുടെയും കാര്യത്തിൽ വിശ്വാസമുണ്ടോ ഇല്ലയോ എന്ന് അന്വേഷിച്ച ശേഷം നടപടിയെടുക്കണമെന്നും ഒരു കത്തിലൂടെ അറിയിക്കുകയുണ്ടായി. എത്ര വേദനാജനകമായ അനുഭവം! എന്നാൽ നൂറ്റാണ്ടുകൾക്കുമുമ്പ് യോശുവ പ്രഖ്യാപിച്ചതെന്താണ്? ഇത്രയും നാളും തങ്ങളെ നടത്തിയ ദൈവത്തിൽ നിന്നും അകന്ന് കനാനിലെ അന്യദേവന്മാരിലേക്കു യിസ്രായേൽ മക്കളിൽ പലരുടെയും ശ്രദ്ധ തിരിയാനുള്ള പ്രലോഭനങ്ങളും അതിന്റെ ലക്ഷണങ്ങളും കണ്ടുതുടങ്ങിയപ്പോൾ ഇന്നെയോളം തങ്ങളെ നടത്തിയ യഹോവയായ

ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് യോശുവാ പറഞ്ഞു. "ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ. 24:15). യോശുവായുടെ ഈ ഉറച്ച വിശ്വാസ പ്രഖ്യാപനം യിസ്രായേൽ ജനത്തെ വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ പ്രേരിപ്പിച്ചതായി നാം വായിക്കുന്നു. "ജനം യോശുവായോട്: ഞങ്ങളുടെ ദൈവമായ യഹോവയെ ഞങ്ങൾ സേവിക്കും; അവന്റെ വാക്ക് ഞങ്ങൾ അനുസരിക്കും എന്നു പറഞ്ഞു. അങ്ങനെ യോശുവ അന്ന് ജനവുമായി ഒരു നിയമം ചെയ്തു. അവർക്കു ശെഖേമിൽ വച്ച് ഒരു ചട്ടവും, പ്രമാണവും നിശ്ചയിച്ചു" (യോശുവ. 24:27, 25). എത്ര ശ്രേഷ്ഠമായ മാതൃക! ഈ ശെഖേം അനുഭവം നമ്മുടെ സമൂഹത്തിൽ നിർവ്വഹിക്കുവാൻ നമ്മുടെ ഭവനങ്ങൾക്കു കഴിയണം. സഭാ സംവത്സരത്തിന്റെ ആരംഭം കുറിച്ചുകൊണ്ട് കൂദോശ് ഈത്തോ (സഭാ ശുദ്ധീകരണം) നാം ആചരിക്കുന്നു. ശുദ്ധീകരണം നവീകരണത്തിലേക്കുള്ള ആദ്യപടിയാണ്. നവംബർ 9 ഞായർ ഹൂദോസ് ഈത്തോ (സഭയുടെ നവീകരണം) ചിന്തകൾ നാം പങ്കുവെയ്ക്കുന്നു. പ്രവാസത്തിൽ നിന്നും മടങ്ങിവന്ന ദൈവജനം ന്യായപ്രമാണം വായിച്ചുകേട്ട് അനുതപിച്ചു കരഞ്ഞതുപോലെ അനുതാപത്തിലൂടെ ശുദ്ധീകരണത്തിലേക്കും നവീകരണത്തിലേക്കും പ്രവേശിക്കുവാൻ നമുക്കു കഴിയണം. നെഹമ്യാവിന്റെയും എസ്രാ പുരോഹിതന്റെയും നേതൃത്വത്തിൽ ന്യായപ്രമാണ പുസ്തകം വായിച്ചുകേൾപ്പിച്ച് പൊരുൾ തിരിച്ചുകൊടുത്ത അനുഭവം വളരെ ശ്രദ്ധേയമാണ്. "ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കയും ചെയ്തു. ദേശാധിപതിയായ നെഹെമ്യാവും ശാസ്ത്രിയായ എസ്രാ പുരോഹിതനും ജനത്തെ ഉപദേശിച്ചുവന്ന ലേവ്യരും സകല ജനത്തോടും ഈ ദിവസം നിങ്ങളുടെ ദൈവമായ യഹോവയ്ക്കു വിശുദ്ധമാകുന്നു; നിങ്ങൾ ദുഃഖിക്കരുത്, കരകയും അരുത് എന്നു പറഞ്ഞു. ജനമെല്ലാം ന്യായപ്രമാണവാക്യങ്ങൾ കേട്ടപ്പോൾ കരഞ്ഞുപോയിരുന്നു" (നെഹമ്യാവ്. 8:9). ന്യായപ്രമാണം അവർക്കു മനസ്സിലാകുന്ന ഭാഷയിൽ പൊരുൾ തിരിച്ചുകൊടുത്തപ്പോഴാണ് ഈ അനുതാപവും ദുഃഖവും ശുദ്ധീകരണവും ഉണ്ടായത്. മലങ്കരസഭയിലെ നവീകരണ പിതാക്കന്മാർ ചെയ്തതും ഇതുതന്നെയാണ്. സുറിയാനിയിൽ നിന്നും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി ആരാധന നടത്തിയപ്പോൾ ജനത്തിനു അതൊരു പുത്തൻ ഉണർവ്വായി മാറി. ആ ഉണർവ്വും തിരിച്ചറിവും സംഭവിച്ചത് ദൈവവചനത്തിന്റെ വായനയിലൂടെയും പുനർവായനയിലൂടെയുമാണ് എന്ന് എല്ലാവരും തിരിച്ചറിയേണ്ടതാണ്. നവീകരണം ഒരിക്കലായിട്ടു സംഭവിച്ചു തീരേണ്ടതല്ല, നിരന്തരം സംഭവിച്ചുകൊണ്ടിരിക്കേണ്ടതാണ്. നവീകരണം ഐക്യത്തിന്റെ വിശാലമായ മാർഗ്ഗങ്ങളിലൂടെയുള്ള അന്വേഷണം കൂടിയാണ്. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യത്തിന്റെ ആഘോഷമായും നവംബർ 9 ഞായർ ആചരിക്കുന്നു. ദർശനത്തിലും പ്രയോഗത്തിലും സഭകൾക്കും സമൂഹങ്ങൾക്കും അനുഗ്രഹകരമായിത്തീരത്തക്കവണ്ണം ഐക്യത്തിന്റെ ബന്ധങ്ങൾ ശക്തമാവേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയത്രെ. നവംബർ മാസത്തിലെ തുടർന്നുള്ള ധ്യാനങ്ങളിൽ സെഖര്യാവിനോടുള്ള അറിയിപ്പും കന്യകമറിയാമിനോടുള്ള അറിയിപ്പും നാം ധ്യാനിക്കുന്നു. വൃദ്ധ ദമ്പതിമാരായ സെഖര്യാവിനും എലിശബേത്തിനും വാർദ്ധക്യത്തിൽ ദൈവം നൽകിയ വരദാനമാണ് യോഹന്നാൻ സ്നാപകൻ. ദൈവം തങ്ങൾക്കു നൽകിയ അനുഗ്രഹത്തെ അനുസ്മരിച്ചുകൊണ്ട് പരിശുദ്ധാത്മ നിറവോടുകൂടി സെഖര്യാവു പറഞ്ഞു. "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ച് നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിനു ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കോസ് 1:78, 79). ദൈവം നമുക്കു നൽകുന്ന ഓരോ അനുഗ്രഹവും ലോകത്തിന്റെ നന്മയ്ക്കായി ദൈവം നൽകുന്ന ദാനമാണ് എന്നും അത് ദൈവത്തിന്റെ ആർദ്രകരുണയാൽ ഉദയം നമ്മെ സന്ദർശിക്കുന്നതാണെന്നും തിരിച്ചറിഞ്ഞുവെങ്കിൽ ജീവിതം എത്രമാത്രം കൃതജ്ഞതാനിർഭരമാകുമായിരുന്നു എന്നു നാം ആലോചിക്കണം. കന്യക മറിയാമിനോടുള്ള ദൂതന്റെ അറിയിപ്പും അതിനോടുള്ള മറിയയുടെ പ്രതികരണവും ചിന്തനീയമാണ്. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന പദ്ധതിയിൽ മറിയയുടെ പങ്കാളിത്തം ദൈവം ആവശ്യപ്പെടുമ്പോൾ, ദൈവത്തിന്റെ വാഗ്ദാനത്തെ സംശയിക്കാതെ ദൈവത്താൽ അസാധ്യമായി ഒന്നുമില്ല എന്ന ബോധ്യത്തോടുകൂടി 'ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" (ലൂക്കോസ് 1:38) എന്നു പറഞ്ഞ് തന്നെത്തന്നെ പ്രതിഷ്ഠിക്കുന്ന ഈ അനുഭവമാണ് സമർപ്പണത്തിന്റെ അനുകരണീയ മാതൃക. അതിനുശേഷം നാം കാണുന്നത് കുന്നും താഴ്വരകളും താണ്ടി എലിശബേത്തിന്റെ ഭവനത്തിലെത്തുന്ന മറിയയെയാണ്. മറിയയുടെ സമർപ്പണം ഒരു തിരഞ്ഞെടുപ്പായിരുന്നു. അതുമൂലം പല പ്രതിസന്ധികളും ജീവിതത്തിൽ താൻ ഏറ്റെടുക്കുകയായിരുന്നു. എന്നാൽ ദൈവപുത്രനുവേണ്ടി, ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി പ്രതിസന്ധികൾ ഏറ്റെടുക്കാൻ തയ്യാറായ മറിയ അനേകം പ്രതികൂല സാഹചര്യങ്ങളെ ധീരമായി അഭിമുഖീകരിച്ചാണ് എലിശബേത്തിന്റെ സന്നിധിയിലെത്തിയത്. ഇന്ന് ഏതെങ്കിലും ഒരു ചെറിയ പ്രതിസന്ധിവന്നാൽ മനസ്സുതളർന്ന് വീണുപോകുകയും ആത്മഹത്യയിൽ ശരണം വെക്കുവാൻ തയ്യാറാവുകയും ചെയ്യുന്ന പ്രവണതകൾ പലപ്പോഴും സമൂഹത്തിൽ പ്രകടമാകുന്നുണ്ട്. ആത്മഹത്യയിൽ ശരണപ്പെടുകയല്ല, മറിയയെപ്പോലെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട്, ദൈവാശ്രയമുള്ളവരുമായുള്ള കൂട്ടായ്മയിൽ വളരുവാൻ ശ്രമിക്കുകയത്രെ വേണ്ടത്. എലിശബേത്തിന്റെ ഭവനത്തിലെത്തിയ മറിയയുടെ സാക്ഷ്യം ബലപ്പെടുത്തുന്ന വചനമാണ്. മറിയ പറയുന്നു: "എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ; ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു. അവന്റെ നാമം പരിശുദ്ധം തന്നെ" (ലൂക്കോസ്. 1:46-49). വലിയവനായ ദൈവം നമുക്കും എന്തെല്ലാം അനുഗ്രഹങ്ങൾ നൽകിയിരിക്കുന്നു! എന്നാൽ മറിയയെപ്പോലെ "ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു; അവന്റെ നാമം പരിശുദ്ധം തന്നെ" എന്നു സാക്ഷിക്കുവാൻ നാം തയ്യാറാകുന്നുണ്ടോ? ഇക്കാര്യം ഗൗരവമായി എല്ലാവരും ചിന്തിക്കണം. ദൈവം നമുക്കു നൽകിയിരിക്കുന്ന കൃപ അനുഭവിച്ച് നന്ദിയുള്ളവരായി ദൈവിക വാഗ്ദാനങ്ങുടെ ധന്യത സമൂഹത്തിനും സഭയ്ക്കും അനുഗ്രഹമായി പകരുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
27-10-2014